**ഭരണഭാഷ – മാതൃഭാഷ**

പൊതുവിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കണ്ടറി വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം

നം. HSE/10805/2026-Exam V-1 തീയതി: 10-07-2026

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ഹയർ സെക്കണ്ടറി പരീക്ഷാ വിഭാഗം - 2026 മാർച്ച് രണ്ടാം വർഷ പരീക്ഷാ പുനർമൂല്യനിർണയം, സൂക്ഷ്മപരിശോധന എന്നിവയുടെ ഫലം പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

2026 മാർച്ച് രണ്ടാം വർഷ ഹയർ സെക്കണ്ടറി പരീക്ഷാ പുനർമൂല്യനിർണയം, സൂക്ഷ്മപരിശോധന എന്നിവയുടെ ഫലം ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. പുനർമൂല്യനിർണയ ഫലത്തിൽ മാറ്റമുള്ള വിദ്യാർത്ഥികളുടെ സ്കൂളുകളിലെ പ്രിൻസിപ്പൽമാർ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

രണ്ടാം വർഷ പുനർമൂല്യനിർണയം മുഖേന മാർക്ക് വ്യത്യാസം വന്ന എല്ലാ വിദ്യാർത്ഥികളുടെയും മാർക്ക് ലിസ്റ്റുകൾ ശേഖരിച്ച് കവറിങ് ലെറ്റർ, പുനർമൂല്യനിർണയ ഫലത്തിന്റെ പ്രസിദ്ധീകരിച്ച പകർപ്പ് എന്നിവ ഉള്ളടക്കം ചെയ്ത് മാർക്ക് ലിസ്റ്റിൽ മാറ്റം വരുത്തുന്നതിനായി ഡയറക്ടറേറ്റിലേക്ക് അയയ്ക്കേണ്ടതാണ്. ഇതിൽ രണ്ടാം വർഷം ഗ്രേസ് മാർക്ക് ഉള്ള വിദ്യാർത്ഥികൾക്ക്, പുനർമൂല്യനിർണയത്തിൽ ഉണ്ടായ മാർക്ക് വർദ്ധനവ് കാരണം 90% ൽ കൂടുതൽ മാർക്ക് ആയാൽ ഗ്രേസ് മാർക്കിൽ ഉണ്ടാകുന്ന കുറവ്, രണ്ടാം വർഷം മറ്റു വിഷയങ്ങളിൽ മാറ്റി നൽകണം എങ്കിൽ (90% വരെ) അവരുടെ അനുമതി പത്രം കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം മാർക്ക് വ്യത്യാസം വന്ന വിഷയത്തിൽ 90% അധികം വരുന്ന ഗ്രേസ് മാർക്ക് മറ്റു വിഷയങ്ങൾക്ക് നൽകുന്നതല്ല.

ഒരു മാർക്കിന്റെ വ്യത്യാസം പോലും വിദ്യാർത്ഥികളുടെ രണ്ടാം വർഷ ഫലത്തിൽ കാര്യമായ വ്യത്യാസം ഉണ്ടാക്കുന്നു എന്നതിനാൽ പുനർമൂല്യനിർണയത്തിൽ മാർക്ക് വ്യത്യാസം ലഭിച്ച എല്ലാ വിദ്യാർത്ഥികളുടെയും മാർക്ക് ലിസ്റ്റുകൾ പ്രിൻസിപ്പൽമാർ മാറ്റം വരുത്തുന്നതിനായി ഡയറക്ടറേറ്റിൽ എത്തിക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

പുനർമൂല്യനിർണയത്തിൽ പത്തുശതമാനമോ അതിനുമുകളിലോ മാർക്ക് വ്യത്യാസം ഉണ്ടായിട്ടുള്ള അർഹരായ വിദ്യാർത്ഥികൾക്ക് തുക മടക്കി നൽകിയ

ശേഷം ബാക്കി തുക **"0202-01-102--97(03) other receipts"** എന്ന ശീർഷകത്തിൽ **28.07.2026** തീയതിക്കകം ഒടുക്കേണ്ടതാണ്. (അൺ എയ്ഡഡ് സ്കൂളുകളിലെ റീഫണ്ടിനായി അർഹരായ വിദ്യാർത്ഥികളുടെ പാസ് ബുക്ക്, ചലാൻ എന്നിവയുടെ പകർപ്പ് സഹിതം അപേക്ഷ പ്രിൻസിപ്പൽമാർ ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്. ഇ-ചലാനായി ഫീസ് ഒടുക്കിയവർ ഇ-ട്രഷറി മുഖാന്തിരം റീഫണ്ട് റിക്വസ്റ്റ് സമർപ്പിച്ച ശേഷം മാത്രം അപേക്ഷ ലഭ്യമാക്കേണ്ടതാണ്

Digitally signed by
K Manickaraj
Date: 10-07-2026
14:50:09

**സെക്രട്ടറി**

**ബോർഡ് ഓഫ് ഹയർ സെക്കണ്ടറി**

**എക്സാമിനേഷൻസ്, കേരള**